## 3. ദി കേരള ലോകായുക്ത അമെന്റ്മെന്റ് ബിൽ, 2000

(ശ്രീ. ടി. എം. ജേക്കബ് നോട്ടീസ് നൽകിയത്)

ശ്രീ. ടി. എം. ജേക്കബ് : സർ, ദി കേരള ലോകായുക്ത അമെന്റ്മെന്റ് ബിൽ 2000-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

11 A.M]

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, സ്വീകാര്യമല്ല എന്ന് മുഖ്യമന്ത്രി പറഞ്ഞത്, അഡ്വക്കേറ്റ് ജനറൽ ആരായിരുന്നാലും ശരി അഡ്വക്കേറ്റ് ജനറലിന് അഴിമതി നടത്താൻ ഈ ഗവൺമെന്റ് ക്ലിയർ സർട്ടിഫിക്കറ്റ് കൊടുക്കും എന്നുള്ളതിന്റെ സൂചനയാണ്. ഈ സഭയിൽ ചോദ്യോത്തരവേളയിൽ, ലോകായുക്ത നിയമത്തിന്റെ പരിധിയിൽ അഡ്വക്കേറ്റ് ജനറൽ വരുമോ ഇല്ലയോ എന്നുള്ള വിഷയം വളരെയേറെ ചർച്ച ചെയ്തിട്ടുണ്ട്. വരില്ല എന്നുള്ള നിഗമനത്തിൽ എത്തി ; അതുകൊണ്ട് അഡ്വക്കേറ്റ് ജനറൽ എന്ന വ്യക്തിയെ കൂടി ഈ ലോകായുക്ത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം എന്നുള്ളതാണ് ഈ ഭേദഗതി നിയമം. മുഖ്യമന്ത്രി ശ്രി. ഇ. കെ. നായനാർ ആയിരിക്കുന്നിടത്തോളംകാലം ഇത് സ്വീകരിക്കുകയില്ല എന്നുള്ള ബോദ്ധ്യം എനിക്കുണ്ട്. പക്ഷേ സഭയിൽ എനിക്ക് ഇത് പറയാതിരിക്കാൻ നിവൃത്തിയില്ലല്ലോ. എന്തുകൊണ്ട് ഇത് സഭയിൽ പറഞ്ഞു ? നിയമസഭയിൽ ഇത് സംബന്ധിച്ചുള്ള ചർച്ചകൾ വന്ന അവസരത്തിൽ ലാ മിനിസ്റ്റർ പറഞ്ഞു. ലോകായുക്ത നിയമത്തിന്റെ പരിധിയിൽ നിലവിലുള്ള വ്യവസ്ഥകൾ വച്ചുകൊണ്ട് എ.ജി.വരുന്നില്ല എന്ന്. അതുകൊണ്ട് ലോകായുക്ത നിയമത്തിന്റെ പരിധിയിൽ ഇദ്ദേഹത്തെ കൂടെ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നു ചോദിച്ചപ്പോൾ അത് ഗവൺമെന്റ് സജീവമായി പരിഗണിച്ചു വരികയാണെന്നും പറഞ്ഞു. ഈ ഗവൺമെന്റിന്റെ കാലാവധി തീരാൻ പോകുകയാണ്. ഇത് ലാസ്റ്റ് സെഷനാണ്. ഈ സെഷൻ വരെ ഇങ്ങനെ ഒരു ഔദ്യോഗിക ബിൽകൊണ്ടുവരുന്നതിനുള്ള ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിട്ടില്ല. എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്, അങ്ങ് ഇപ്പോൾ ആ കസേരയിൽ ഇരിക്കുന്നു, നാളെ വേറൊരാൾ ആ കസേരയിൽ ഇരിക്കും, ഗവൺമെന്റ് മാറിവരും. അഡ്വക്കേറ്റ് ജനറൽ എന്നുപറയുന്ന വ്യക്തിക്കുള്ള അവകാശങ്ങളും അധികാരങ്ങളും വച്ചുകൊണ്ട് അദ്ദേഹം അഴിമതി നടത്തിയാൽ, ആ അഴിമതിയെ ചോദ്യം ചെയ്യാൻ നമ്മുടെ സംസ്ഥാനത്ത് വ്യവസ്ഥയില്ല. ലോകായുക്തയിൽ ഇപ്പോഴത്തെ എ. ജി. ശ്രീ. ദാമോദരന് എതിരെ ആക്ഷേപം വന്നു. അഡ്വക്കേറ്റ് ജോസഫ് എന്നു പറയുന്ന ഒരാൾ ലോകായുക്തയിൽ ഒരു കേസ് ഫയൽ ചെയ്തു. ആ കേസിന്റെ വിചാരണ നടന്നു, ലോകായുക്ത കോടതി അത് തള്ളി. ലോകായുക്ത പറഞ്ഞത് എന്താണ്? ലോകയുക്ത നിയമത്തിന്റെ പരിധിയിൽ ഇദ്ദേഹം വരുന്നില്ല എന്നു പറഞ്ഞാണ് തള്ളിയത്. അതിനെതിരെ ഹൈക്കോടതിയിൽ പോയപ്പോഴും പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞില്ല. എ.ജി.യെ സംബന്ധിച്ചിടത്തോളം..... ഞാൻ സമയം ഇല്ലാത്തതുകൊണ്ട് വിവരിച്ചുപോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആർട്ടിക്കിൾ 165 (1)-ാം വകുപ്പ് അനുസരിച്ച് ഗവർണ്ണറാണ് എ.ജി.യെ നിയമിക്കുക, ആർട്ടിക്കിൾ 165 (1) ൽ പറയുന്നത് 'The Governor of each State shall appoint a perons who is qualified to be appointed a Judge of a High Court to be Advocate -General for the State ' എന്നാണ്. ഇതിന്റെ വ്യാഖ്യാനപരിധിയിൽ പല കാര്യങ്ങളെ സംബന്ധിച്ചും വന്നു, വന്ന അവസരത്തിൽ ഗവർണ്ണർക്ക് ഇഷ്ടമുള്ളിടത്തോളം കാലം ആ പദവിയിൽ തുടരാം എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ അപ്പോൾ വന്നൊരു തർക്ക വിഷയം എന്താണെന്ന് ചോദിച്ചാൽ, ഇത് നിയമിക്കപ്പെടുകയാണോ, അതോ അധികാരപ്പെടുത്തുകയാണോ എന്നതാണ്. സാധാരണ ഒരു കക്ഷി തനിക്ക് വേണ്ടി ഒരു വക്കീലിനെ ചുമതലപ്പെടുത്തുന്നതും അധികാരപ്പെടുത്തുന്നതും ഒരു സംസ്ഥാന ഗവർണ്ണർ ആ ഗവൺമെന്റിനുവേണ്ടി അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നതും ഒരു പോലെയല്ല, രണ്ടും രണ്ടാണ്. ഭരണഘടനാ വകുപ്പിൻ പ്രകാരം രൂപീകരിച്ചിട്ടുള്ള അഡ്വക്കേറ്റ് ജനറലിന്റെ നിയമന സേവന വ്യവസ്ഥ, ചട്ടങ്ങളിലും വിഭാവന ചെയ്തിരിക്കുന്ന ഇത്തരം ഒരു ബന്ധമാണ്. അധികാരപ്പെടുത്തുകയെന്നതും, ചുമതലപ്പെടുത്തുകയെന്നതും നിയമിക്കുകയെന്നതും വളരെയേറെ അർത്ഥ വ്യത്യാസങ്ങൾ ഉണ്ട്. അപ്പോയിന്റ്മെന്റ് means, to fix, to prescribe, to assign, to select for an office' ഈ പറയുന്ന മീനിങ്ങിൽ ഇദ്ദേഹം വരും എന്നുള്ളതുകൊണ്ട് സ്വാഭാവികമായും ഒരു പൊതുപ്രവർത്തകന്റെ പദവിയിലേക്ക് വരികയാണ്. സർ, അഡ്വക്കേറ്റ് ജനറലിന് സ്വന്തമായിട്ട് ഒരു ആഫീസ് ഉണ്ട്. അദ്ദേഹം ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് ആയിട്ട് വർക്കു ചെയ്യുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ച് മന്ത്രി തന്നെ ഇവിടെ തന്നിരിക്കുന്ന ഒരു ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഏകദേശം മുന്നൂറ്റിയിരുപത്തിയാറോളം ജീവനക്കാർ അദ്ദേഹത്തിന്റെ കീഴിൽ പണിയെടുക്കുന്നുണ്ട്. ഏജീസ് ആഫീസ് അഡ്വക്കേറ്റ് ജനറലിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ്. അപ്പോൾ അഡ്വക്കേറ്റ് ജനറലിന് ഒരുപാട് സൗകര്യങ്ങൾ ചെയ്തുകൊടുത്തിരിക്കുന്നു. അദ്ദേഹത്തിന്റെ ആഫീസിലും പ്രവർത്തനങ്ങൾക്കടക്കമുള്ള സൗകര്യങ്ങളും കൊടുത്തിട്ടുണ്ട്. ഇദ്ദേഹം 1999-ലെ കേരള ലോകായുക്ത നിയമത്തിലെ 2 - എഫ് വകുപ്പിൽ, "ഗവൺമെന്റ് സർവെന്റ്സ്" എന്ന നിർവചനത്തിൽ വരുമോ എന്നുള്ള തർക്ക വിഷയം വന്നിട്ടുണ്ട്. വരികയില്ല എന്ന് കോടതി പറഞ്ഞു. ഇനിവരും എന്ന് ഞാൻ പറഞ്ഞിട്ട് കാര്യമില്ല, കാരണം കോടതി അങ്ങനെ ഒരു നിഗമനത്തിൽ എത്തിക്കഴിഞ്ഞാൽ കോടതി പറയുന്നതാണല്ലോ വിലകൂടുതൽ. സ്വാഭാവികമായും അവർ ഇതിന്റെ കാര്യങ്ങൾ അസസ് ചെയ്ത് പറഞ്ഞിരിക്കുന്ന കാര്യമാണ്. അപ്പോൾ ഞാൻ തർക്കത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഈ നിയമത്തിൽ നമുക്ക് ഒരു ഭേദഗതി ആവശ്യമായിട്ടുണ്ട് എന്ന്. നമ്മുടെ സംസ്ഥാന നിയമസഭയിൽ 13-12-1999-ലെ 391-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന് മറുപടിയായിട്ട് തന്നിരിക്കുന്ന ചില വസ്തുതകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചോ എന്ന് എനിക്കറിഞ്ഞു കൂടാ. അങ്ങയുടെ മറുപടി തന്നെയാണ്, മുഖ്യമന്ത്രി ഇ. കെ. നായനാരാണ് അതിന് മറുപടി നൽകിയിരിക്കുന്നത്. ചോദ്യം 'സംസ്ഥാന അഡ്വക്കേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ജനറലിന്റെ ആഫീസ് ആദ്യമായി കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചത് എന്നാണ് ഇതിന് എന്തു തുകയാണ് അനുവദിച്ചത് ?' '1996 ഫെബ്രുവരി 28-ാം തീയതികളിലെ സർക്കാർ ഉത്തരവ് ആർ. ടി. നമ്പർ 269/96 നിയമം അനുസരിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ആഫീസ് കമ്പ്യൂട്ടവൽക്കരിക്കാൻ സർക്കാർ അനുമതി നൽകി. 10,87,508 രൂപയാണ് ഇതിലേക്ക് ചെലവ് കണക്കാക്കിയത്.' 'ഇതിനുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നുവോ ; എങ്കിൽ ഏതു വർഷത്തെ ബഡ്ജറ്റിൽ എന്തു തുക ഉൾക്കൊള്ളിച്ചിരിക്കുന്നു എന്ന വ്യക്തമാക്കുമോ ?' അങ്ങ് നൽകിയിരിക്കുന്ന മറുപടി ഇതിനുള്ള തുക ആ സമയത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. അഡിഷണൽ എക്സ്പെൻഡീച്ചറായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും 28-1-1999-ലെ സർക്കാർ ഉത്തരവ് നമ്പർ പറഞ്ഞിട്ടുണ്ട്, പ്രകാരം അനുവദിച്ച 26 ലക്ഷം രൂപയിൽ കമ്പ്യൂട്ടർവൽക്കരണത്തിന് ആറു ലക്ഷം രൂപ ഉൾക്കൊള്ളിക്കുകയും ചെയ്തിരുന്നു. ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. ഇതിനെ സംബന്ധിച്ച തർക്കം എന്താണ് ? തർക്കം എന്നുപറയുന്നത് യഥാർത്ഥത്തിൽ ടെണ്ടർ വിളിക്കാതെ നടപടികൾ സ്വീകരിച്ചു എന്നും ഏറ്റവും ഹൈയസ്റ്റ് ആയി ക്വട്ടേഷൻ. സമർപ്പിച്ച ഒരാളിന് കമ്പ്യൂട്ടർ വാങ്ങാനുള്ള അനുവാദം കൊടുത്തു എന്നുമാണ്. ഇതാണ് ഇദ്ദേഹത്തിനെതിരെ നമ്മുടെ സഭാവേദിയിൽ എഴുതിക്കൊടുത്ത് ആരോപണമായി വന്നതും.

മി. സ്പീക്കർ : ഈ ഭാഗമൊന്നും ബില്ലിന്റെ ചർച്ചയിൽ വരില്ല.

ശ്രീ. ടി. എം. ജേക്കബ് : അല്ല സർ, ഞാൻ എന്തുകൊണ്ട് ഈ നിയമം കൊണ്ടു വന്നു എന്ന് പറയുകയാണ്.

മി. സ്പീക്കർ : തർക്കവും ആരോപണങ്ങളുമൊന്നും ബില്ലിന്റെ ചർച്ചയിൽ വരില്ല.

ശ്രീ. ടി. എം. ജേക്കബ് : ഇതിൽ ആരോപണം ഞാൻ ഉന്നയിക്കുന്നത് അല്ലല്ലോ, ഞാൻ ഒരു ആരോപണവും ഉന്നയിച്ചില്ല.

മി. സ്പീക്കർ : ചർച്ചയിൽ ആവശ്യമില്ല എന്നാണ് പറഞ്ഞത്. അങ്ങയുടെ ബില്ലിൽ പറയുന്ന കാര്യമുണ്ടല്ലോ അത് പറയാമല്ലോ, അങ്ങയുടെ ബില്ലിൽ പറയുന്ന കാര്യം പറഞ്ഞാൽ മതി. അങ്ങയുടെ ബില്ലിൽ പറയുന്ന കാര്യമല്ലാതെ മറ്റ് വിഷയത്തിലേക്ക് പോകണ്ട.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പറഞ്ഞിരിക്കുന്നത് ലോകായുക്ത നിയമത്തിന്റെ പരിധിയിൽ എ. ജി. യെ കൊണ്ടുവരണം എന്നുള്ളതിനുള്ള കാരണമാണ് നമ്മുടെ നിയമസഭാ വേദിയിൽ ചോദ്യത്തിന് ഉത്തരമായതും അതു പോലെതന്നെ സഭയിൽ ചർച്ചയിൽ വന്നപ്പോഴും തന്നിരിക്കുന്ന മറുപടിയെ അടിസ്ഥാനപ്പെടുത്തി അഡ്വക്കേറ്റ് ജനറൽ ഇതിൽ വരുന്നില്ല എന്നു പറഞ്ഞിരിക്കുന്നു. അദ്ദേഹത്തെ വരുത്തേണ്ടതാണ്. ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ 13-12 ൽ-109-ാമത്തെ നമ്പർ ചോദ്യത്തിന് ഉത്തരമായി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നു. " മുകളിൽ ചുവന്ന ലൈറ്റ് ഘടിപ്പിച്ച് പോകാനുള്ള അവകാശങ്ങൾ, അധികാരങ്ങൾ ആർക്കൊക്കെ കൊടുത്തിട്ടുണ്ട്" അങ്ങ് 10 പേരുടെ ഒരു പട്ടിക തന്നിട്ടുണ്ട്, ഞാൻ വായിക്കുന്നില്ല. അതിനകത്ത് എ. ജി. വരുന്നില്ല, അദ്ദേഹം ഉപയോഗിക്കുന്ന വാഹനത്തിന് അകത്ത് ഇത് പ്രൊവൈഡ് ചെയ്തു കൊടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യം നിൽക്കുമ്പോൾ സ്വാഭാവികമായും എ. ജി. എന്ന് പറയുന്ന വ്യക്തി ആരോ ആകട്ടെ, ഇപ്പോൾ ശ്രീ. ദാമോദരൻ, അദ്ദേഹത്തെക്കുറിച്ചാണ് ആക്ഷേപം വന്നത്. അതാണ് നിയമസഭാവേദിയിൽ ചർച്ചയ്ക്ക് വന്നതും. അന്ന് ലാ മിനിസ്റ്റർ മറുപടി പറഞ്ഞു. എന്റെ കയ്യിൽ ആൻസേഴ്സ് ഇരിപ്പുണ്ട്, സമയം ഇല്ലാത്തതുകൊണ്ട് വായിക്കുന്നില്ല. അതിന് അദ്ദേഹം നൽകിയ മറുപടിയിൽ ആണ് പറഞ്ഞത്. ലോകായുക്ത നിയമം ഭേദഗതി ചെയ്ത് എ. ജി. യെ ക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടു വരണം എന്നുള്ളതിനെ സംബന്ധിച്ച്, ഇപ്പോൾ ഇരിക്കുന്ന ശ്രീ. ദാമോദരൻ മാറി നാളെ വേറൊരു ആൾ വരുമായിരിക്കും. ആരു വന്നാലും ഈ സർക്കാരിന്റെ പണം ദുരുപയോഗം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന് എതിരെ നടപടി സ്വീകരിക്കണ്ടാ എന്നാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ? അങ്ങ് അങ്ങനെയാണ് വിഭാവന ചെയ്യുന്നതെങ്കിൽ ഞാൻ സമ്മതിച്ചു. നിങ്ങളുടെ പോളിസി അതാണ് എന്ന് പറയാം. സർ, ഇവിടെ നിങ്ങളുടെ ലാ സെക്രട്ടറി തന്നെ പറഞ്ഞിരിക്കുന്നത് എന്താ ? നിങ്ങളുടെ ലാ സെക്രട്ടറി ലോകായുക്തിൽ കൊടുത്ത സത്യവാങ്മൂലം ആണ് എന്റെ കൈയിൽ ഇരിക്കുന്നത്. അദ്ദേഹം പറഞ്ഞിരിക്കുന്നത്, ലോകായുക്തിന്റെ പരിധിയിൽ ഒരു കാരണവശാലും അദ്ദേഹം വരില്ലെന്നാണ്. സമയം ഇല്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. പബ്ലിക് സർവ്വന്റ് എന്നുള്ള നിർവ്വചനത്തിൽ അദ്ദേഹം വരില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ തന്നെ 'Government Servants and such other Persons' എന്ന് പറയുന്ന പട്ടികയിലും വരില്ലെന്ന് പറയുന്നു. പക്ഷേ ഇദ്ദേഹം ഡി.പി.സി. ലെ ചെയർമാനായിട്ട് വർക്ക് ചെയ്യുന്നു. ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റായിട്ട് വർക്ക് ചെയ്യുന്നു. പത്തുമുന്നൂറ്റി ചിലാനം ജീവനക്കാർ അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യുന്നു.....

മി. ചെയർമാൻ : ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ വരണമെന്നാണ് അങ്ങ് പറയുന്നത്.

ശ്രി. ടി. എം. ജേക്കബ് : സർ, ഒരു വാക്ക്കൂടി പറഞ്ഞ് അവസാനിപ്പിക്കാം.

മി. ചെയർമാൻ : ഈ രൂപത്തിൽ പോയാൽ മറ്റ് ബില്ലുകളിലേക്ക് കടക്കാതെ അവസാനിപ്പിക്കേണ്ടി വരും.

ശ്രി. ടി. എം. ജേക്കബ് : ഇത് നമ്മുടെ സംസ്ഥാനത്തെ പൊതുവായിട്ട് ബാധിക്കുന്നതും വളരെ ഗൗരവതരവുമായ ഒരു വിഷയം തന്നെയാണ്. ഗവൺമെന്റ് നൽകിയ അഷ്വറൻസ്.....

മി. ചെയർമാൻ : അത് അങ്ങ് ഭംഗിയായിട്ട് അവതരിപ്പിച്ചു കഴിഞ്ഞു.

ശ്രി. ടി. എം. ജേക്കബ് : ഇതിന് മറുപടി മുഖ്യമന്ത്രി പറയുകയാണോ ?



LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ഇത് വെറുതെ രണ്ട് വാക്ക് പറയൽ മാത്രമേ ഇന്നുള്ളൂ. അതിനാണ് ഞാൻ സമയം തന്നത്. ഇനിയും 22 ബില്ലുകൾ ഉണ്ട്. 22 ബില്ലുകൾ കഴിഞ്ഞതിനു ശേഷമേ തുടർ ചർച്ചയ്ക്ക് എടുക്കാൻ പറ്റൂ.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ രണ്ട് വാചകം കൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. ഒന്നാമത്തെ വാചകം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കാനുള്ളത്.....

മി. ചെയർമാൻ : പ്ലീസ്, അങ്ങയുടെ തന്നെ വേറെ ബില്ലുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുഖ്യമന്ത്രിയുടെ ഔദാര്യം എനിക്ക് വേണ്ട. നിങ്ങളുടെ സമീപനം ഇതാണ്. പ്രസംഗിച്ചിട്ട് കാര്യമില്ല. ഞാൻ നിയമസഭയുടെ ചട്ടം അനുവദിക്കുന്നത് അനുസരിച്ച് ഇവിടെ ഒരു ബിൽ അവതരിപ്പിക്കുകയാണ്. മുഖ്യമന്ത്രിക്ക് ഇഷ്ടമുള്ളത് ഞാൻ പറഞ്ഞു കൊള്ളണമെന്ന് മുഖ്യമന്ത്രിക്ക് എന്നെ നിർബന്ധിക്കാൻ സാദ്ധ്യമല്ല. നിങ്ങൾക്ക് ഇഷ്ടം ഉള്ളത് പറയാൻ അല്ലല്ലോ ഞാൻ ഇവിടെ നിൽക്കുന്നത്. മുഖ്യമന്ത്രിക്ക് ഒന്നും ഇഷ്ടമല്ലല്ലോ. അഴിമതി നടത്തുന്ന ആളുകളെ ആണല്ലോ മുഖ്യമന്ത്രിക്ക് ഇഷ്ടം. മുഖ്യമന്ത്രിക്ക് അഴിമതി നടത്തുന്നതും അഴിമതി നടത്തുന്നവരെ സംരക്ഷിക്കുന്നതും ആണല്ലോ ഇഷ്ടം. എന്നെ കുറ്റം പറഞ്ഞിട്ടെന്താകാര്യം ? അതാണ് മുഖ്യമന്ത്രിക്ക് ഇഷ്ടമെങ്കിൽ അങ്ങനെ പോവുക. പക്ഷേ അതിന് എതിരായിട്ടുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നത്, ലോകായുക്ത നിയമം നമ്മൾ ഇവിടെ കൊണ്ടു വന്നത് തന്നെ അതിനു വേണ്ടിയാണ്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ ഈ സമീപനം തന്നെ ശരിയല്ല എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

(ചർച്ച തുടരും)

## 4. 2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ശ്രീ. ടി. എം. ജേക്കബ് നോട്ടീസ് നൽകിയത്)

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ 2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഓംബുഡ്സ്മാൻ രൂപീകരിച്ചിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. അതിന്റെ പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്താനുള്ള സമയം ആയിട്ടില്ല. അങ്ങനെ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള മാറ്റം ഘടനയിൽ വേണോ എന്നുള്ളത് ഇപ്പോൾ ആലോചിക്കേണ്ട സമയം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly